ഉത്തരം

(എ) പത്ത് കിടക്കകളോടുകൂടിയ എരുമപ്പെട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1669/2014/ആ.ക.വ. തീയതി 26-5-2014 പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയിൽ എരുമപ്പെട്ടി സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ശരാശരി ഒ.പി. 350 -ഉം ഐ.പി. 4-ഉം ഉള്ള എരുമപ്പെട്ടി സി.എച്ച്.സി.-യിൽ പീഡിയാട്രിക്സ്, ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മരുന്നുകളുടെ ലഭ്യത

97 (2565) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രി ഫാർമസികളിലും കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലും എല്ലാ മരുന്നുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) രോഗികളുടെ ബാഹുല്യം, മതിയായ ഫാർമസിസ്റ്റുകളുടെ അഭാവം എന്നിവ കാരണം കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മണിക്കൂറുകളോളം മരുന്നിനായി കൂ നിൽക്കേണ്ടിവരുന്നത് പരിഹരിക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കാരുണ്യ ഫാർമസിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകപ്പും ആരോഗ്യ വിദ്യാഭ്യാസ വകപ്പും നൽകിയ ഇൻഡന്റ് അനുസരിച്ച് 69 ഇനം ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾക്ക് ഇൻഡന്റ് അനുസരിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ പ്രസ്തുത മരുന്നുകളുടെ കരുതൽ ശേഖരം കോർപ്പറേഷന്റെ വെയർഹൗസുകളിൽ സൂക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലും ആവശ്യമരുന്നുകൾ പൊതുവിപണിയെക്കാളും വിലക്കുറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാണ്. മരുന്നുകൾ തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മറ്റിതര ഫാർമസിയേക്കാളും കൂടുതൽ ജീവനക്കാർ (ഒന്നോ രണ്ടോ മടങ്ങ്) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ജോലി ചെയ്യുവരുന്നു. എന്നാൽ രോഗികളുടെ തിരുക്കുകാരണം ചില സന്ദർഭങ്ങളിൽ മരുന്ന് ലഭിക്കാൻ കുറച്ച് താമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ ടി ഫാർമസികളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(സി) ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്നുകളും സർജിക്കൽ സാധനങ്ങളും മുടക്കം കൂടാതെ വിതരണം ചെയ്യുവരുന്നു. അവശ്യഘട്ടങ്ങളിൽ ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്ന് മറ്റേതെങ്കിലും ഫാർമസിയിൽ നിന്നോ കാരുണ്യ ഡിപ്പോകളിൽ നിന്നോ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ ഏകോപിപ്പിക്കുന്നുമുണ്ട്.

ആരോഗ്യകിരണം പദ്ധതി

98 (2566) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വെച്ചിരുന്നതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?